GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/06/2026

1. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനങ്ങൾ അപ്രതീക്ഷിതവും തീവ്രവുമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കർഷകർക്ക് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് വേഗത്തിൽ സഹായവും മാർഗനിർദേശവും ലഭ്യമാക്കുന്നതിനായി കൃഷി ഡയറക്ടറേറ്റിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേക ഹെൽപ്പ് ലൈൻ സംവിധാനവും സംസ്ഥാനതല നിരീക്ഷണ കേന്ദ്രവും പ്രവർത്തനം ആരംഭിച്ചു. ഇതോടനുബന്ധിച്ച്, എയിംസ് (AIMS) പോർട്ടൽ മുഖേന കർഷകർ സമർപ്പിക്കുന്ന അപേക്ഷകളുടെയും നഷ്ടപരിഹാര നടപടികളുടെയും പുരോഗതി തത്സമയം നിരീക്ഷിക്കാൻ കഴിയുന്ന ഡാറ്റാബേസും സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം

സംഭവിക്കുമ്പോൾ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കും. എയിംസ് പോർട്ടൽ മുഖേന ഓൺലൈനായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ, പ്രകൃതിക്ഷോഭം ഉണ്ടായാൽ ബന്ധപ്പെട്ട കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി നഷ്ടം വിലയിരുത്തി 24 മണിക്കൂറിനുള്ളിൽ എഫ്ഐആർ (FIR) തയ്യാറാക്കി പോർട്ടലിൽ അപ്‌ലോഡ് ചെയ്യും. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടം സംഭവിച്ച കർഷകർക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി 15 ദിവസത്തിനുള്ളിലും, പ്രകൃതിക്ഷോഭ നഷ്ടപരിഹാര പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി 10 ദിവസത്തിനുള്ളിലുമാണ് എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടത്. നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കർഷകർക്ക് താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. തിരുവനന്തപുരം 9383470700, കൊല്ലം –9383470770, ആലപ്പുഴ –9383471108, കോട്ടയം i/c – 9383471300, പത്തനംതിട്ട –9383470900, എറണാകുളം – 9383471500, ഇടുക്കി - 9383471400, തൃശ്ശൂർ –9383471600, പാലക്കാട് - 9383471700, മലപ്പുറം – 9383471800, കോഴിക്കോട് –9383471900, വയനാട്– 9383472442, കണ്ണൂർ– 9383472300, കാസർഗോഡ് –9383472400.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന എൻ എ ഡി സി പി, എഫ് എം ഡി സി പി എട്ടാം ഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന്റെ ഉദ്ഘാടനം തൊഴിൽ വനിതാശിശുവികസന, മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ ബിന്ദു കൃഷ്ണ ജൂൺ 17 ന് (17/06/2026) രാവിലെ 8:30 ന് ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിങ് സെൻറ്റർ, കുടപ്പനക്കുന്ന് വെച്ച് നിർവ്വഹിക്കും. ഇതോടനുബന്ധിച്ച് കുളമ്പുരോഗത്തെ കുറിച്ച് കർഷകർക്കും, ഭാരത് പശുധൻ പോർട്ടൽ എൻട്രിയെ കുറിച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും വേണ്ടി പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നു.

3. സി.പി.സി.ആർ.ഐ. കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിൽ ജില്ലയിലെ പട്ടിക ജാതി യുവതി യുവാക്കൾക്കായി കാർഷിക – അനുബന്ധ മേഖലകളിലെ വിവിധ വിഷയങ്ങളിൽ നൈപുണ്യ വികസന പരിശീലനം സ്റ്റൈപ്പൻഡോടു കൂടി നൽകുന്നു. നാല് ഒഴിവുകളുണ്ട്. യോഗ്യത പ്ലസ്2 /വി എച്ച് എസ് ഇ. പ്രതിമാസ സ്റ്റൈപ്പന്റ് പതിനയ്യായിരം രൂപ. പ്രായപരിധി 25–35 വയസ്സ്, തുടക്കത്തിൽ ദൈർഘ്യം 3 മാസത്തേക്ക്. ഫണ്ടിന്റെ ലഭ്യതയും

പരിശീലനാർത്ഥികളുടെ പ്രകടനവും അടിസ്ഥാനമാക്കി 6 മാസം വരെ നീട്ടാവുന്നതാണ്. യോഗ്യരായവർ 0479-2449268, 2959268, 9447790268 എന്നി നമ്പറുകളിൽ ജൂൺ 16 മുമ്പായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും നിർദിഷ്ട മാനദണ്ഡ പ്രകാരം ജൂൺ 18-ന രാവിലെ 9.00 മണിക്കു ആലപ്പുഴ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയുടെയും, മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. മുൻ വർഷങ്ങളിൽ പട്ടിക ജാതി വിഭാഗക്കാർക്കായി നടത്തിയ പരിശീലനത്തിൽ പങ്കെടുത്തവർ പ്രസ്തുത പരിശീലനങ്ങൾക്കു അർഹരല്ല. കൂടുതൽ വിവരങ്ങൾക്ക് https://cpcri.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

4. കൊല്ലം ജില്ലയിലെ വെളിയം കൃഷിഭവൻ പരിധിയിൽ വരുന്ന കർഷകർക്ക് പുരയിടങ്ങളിൽ പുതിയതായി എണ്ണപ്പന കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ ഉണ്ടെങ്കിൽ കൃഷിഭവന്റെ 9383470360 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. ചെറ്റച്ചൽ ജേഴ്സി ഫാമിലെ 2026-2027 പദ്ധതിനിർവ്വഹണത്തിൽ ഇ-ടെണ്ടർ ഉൾപ്പെടുത്തി ഗ്രീൻ മിൽക്ക് പായ്ക്കിംങ്, ഗ്രീൻ മിൽക്ക്

സെയിൽ എന്നിവയുടെ – ടെണ്ടർ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9495235020 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടി

6. **'കാർഷിക വിളകളിലെ പ്രജനനരീതികൾ – ബഡിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ലെയറിങ്ങ്"** എന്ന വിഷയത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **2026 ജൂൺ** 23, 24 തീയതികളിലായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോൺ നമ്പറിൽ 22.06.2026 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹1,100/– രൂപ.